# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 213

20.06.2012-ൽ മറുപടിയ്ക്ക്

### ജലാശയങ്ങളെ മാലിന്യവിമുക്തമാക്കുന്നതിനുള്ള പദ്ധതി

ചോദ്യം : ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.പി. സി. ജോർജ്
എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളത്തിലെ പ്രധാനപ്പെട്ട പത്ത് ജലാശയങ്ങളെ മാലിന്യവിമുക്തമാക്കുക. എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതിക്ക് അംഗീകാരം ലഭിച്ചുവോ ; എന്ത് തുകയുടെ പദ്ധതിയാണ് കേന്ദ്രത്തിന് സമർപ്പിച്ചത് ; വിശദാംശങ്ങൾ നൽകുമോ ; | (എ) കരമനയാർ, കല്ലടയാർ, അച്ചൻ കോവിൽ ആറ്, പമ്പ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിയാർ, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം എന്നീ 10 പ്രധാന നദികൾ മാലിന്യ മുക്തമാക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് 2567 കോടി രൂപയുടെ കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, 320 കോടി രൂപ ചെലവായുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടം നടപ്പാക്കാനായി 18.45 കോടി രൂപ ലഭ്യമാക്കുകയും ചെയ്തു.<br><br>കരമന, കിള്ളിയാർ, പമ്പ (രണ്ടാം ഘട്ടം) എന്നീ നദികൾ കേന്ദ്ര സഹായത്തോടെ മാലിന്യ വിമുക്ത മാക്കാൻ വേണ്ടിയുള്ള പദ്ധതികൾ കേന്ദ്ര പരിസ്ഥിതി വനം വകുപ്പ് നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ് വഴി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടില്ല. |
| (ബി) കേന്ദ്രം ആദ്യഘട്ടമായി അംഗീകരിച്ച പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ആയതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു ; | (ബി) പമ്പാ ആക്ഷൻ പ്ലാൻ ഒന്നാംഘട്ട പദ്ധതിയ്ക്ക് 18.45 കോടി രൂപയ്ക്കാണ് അനുമതി ലഭിച്ചത്. അതിൽ നാളിതുവരെ 7.868 കോടി രൂപ ചെലവഴിച്ചു. സന്നിധാനത്തിൽ 5 MLD യും, പമ്പയിൽ 1.5 MLD സ്വീവേജ് പ്ലാന്റിന്റേയും പണികൾ കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ |

| | |
|---|---|
| | നടത്തുവാനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| (സി) പ്രസ്തുത പദ്ധതികളിൽ അംഗീകാരം ലഭിക്കാത്തവയുടെ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുമോ ? | (സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ